**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** — **13-02-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,**<br>**ശ്രീ. പി. ഉബൈദുള്ള ,**<br>**ശ്രീ. ടി. വി. ഇബ്രാഹിം ,**<br>**ഡോ. എം. കെ. മുനീർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി ആരംഭിച്ച ശേഷം ഇതുവരെ 16 സ്ഥാപനങ്ങൾക്ക് എസ്റ്റേറ്റ് തുടങ്ങുവാൻ ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അവയെല്ലാം എസ്റ്റേറ്റ് രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം എറണാകുളം, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലാണ്. ആയതിൽ ഒരെണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മെ. ഫെതർലൈക്ക് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതാണ് പ്രസ്തുത എസ്റ്റേറ്റ്. |
| (ബി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയുള്ള Entity (i.e Companies, Co.operatives, charitable societies, partnerships, consortium of MSMEs), Family എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിനും കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ളവർക്ക് Standard Design Factory (SDF) സ്ഥാപിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്. SDF സ്ഥാപിക്കുന്നതിന് സ്ഥാപനങ്ങൾ, കുടുംബങ്ങൾ എന്നിവയ്ക്ക് പുറമെ വ്യക്തികൾക്കും അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിലധികമോ കാലാവധിയിൽ പാട്ടത്തിനെടുത്ത ഭൂമി ഉള്ളവർക്കും സ്വകാര്യ വ്യവസായ എസ്റ്റേറ്റിനുള്ള ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത എസ്റ്റേറ്റുകൾ വഴി വ്യവസായ സംരംഭകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ETP/CETP എന്നിവ വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് |

| | | | |
|---|---|---|---|
| | | | 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം സർക്കാർ നൽകുന്നു. ഈ തുക റീ- ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് അനുവദിക്കുക. |

സെക്ഷൻ ഓഫീസർ